
# മലർവാടി

## ഡിജിറ്റൽ മാഗസിൻ



**ലിറ്റിൽ കൈറ്റ്സ് എൻ എസ് എസ് ഹൈസ്കൂൾ കുടശ്ശനാട്**

# മലർവാടി

**ലിറ്റിൽ കൈറ്റ്സ് എൻ,എസ്.എസ് ഹൈസ്കൂൾ**

**കുടശ്ശനാട്**

# എഡിറ്റോറിയൽ ബോർഡ്

നീത ചന്ദ്രൻ ആർ

ഹരിപ്രിയ ആർ

ശ്യാം കുമാർ പി

ബി രാമാനുജൻ

ശരണ്യ ആർ

അഖില എ

അക്ഷയ്ജിത്ത്

കുരുന്നു ഭാവനകൾ  അക്ഷരപ്പൂക്കളായി  വിടരുന്ന ഈ മലർവാടിയിൽ .

വർണ്ണച്ചിറകുകൾ വിടർത്തിയ കുഞ്ഞു പൂമ്പാറ്റകൾ ഇവിടെ പാറിപ്പറക്കട്ടെ.

ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഈ എളിയ മാഗസിൻ 'മലർവാടി' ആദരപൂർവം സമർപ്പിക്കുന്നു.

തെറ്റുകളും കുറവുകളും സദയം ക്ഷമിക്കുക.

എഡിറ്റോറിയൽ ബോർഡ്

# പ്രഥമാധ്യാപികയുടെ സന്ദേശം

ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് 2022-2025 ബാച്ച് കുട്ടികൾ മലർവാടി എന്നപേരിൽ ഒരു ഡിജിറ്റൽ മാഗസിൻ നിർമ്മിക്കുന്നതിൽ ഏറെ സന്തോഷിക്കുന്നു. കുട്ടികളുടെ സർഗവാസനകൾ വെളിച്ചം കാണുന്നതിനും വിവര വിനിമയ സാങ്കേതിക വിദ്യയിലുള്ള അവരുടെ പ്രാവീണ്യം കൂടുതൽ വികസിക്കുന്നതിനും ഈ പ്രവർത്തനംകൊണ്ട് സാധിക്കും എന്നതിൽ യാതൊരു സംശയവുമില്ല. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അവർക്ക് വേണ്ട

മാർഗ നിർദ്ദേശങ്ങൾ നൽകിയ അദ്ധ്യാപകർക്കും ഹാർദ്ദമായ അഭിനന്ദനങ്ങൾ. ഇനിയും കൂടുതൽ മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

എന്ന്
അഞ്ജലി വി നാരായണൻ
പ്രഥമാധ്യാപിക

# ഇതളുകൾ വിടരുമ്പോൾ


രാമനുകിട്ടിയ സമ്മാനം------------------------------------------------------ 6

ചെന്നായയും ആട്ടിൻകുട്ടിയും------------------------------------------------- 7

പടയണി---------------------------------------------------------------------- 8

ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹിക വിപത്ത്---------- 10

പക--------------------------------------------------------------------------- 12

पेड---------------------------------------------------------------------------- 13

बिना कुए का पानी------------------------------------------------------ 14

താറാവിന് പറ്റിയ അമളി------------------------------------------------ 15

The Puppy and The Kitty---------------------------------------- 16

മിന്നും മിന്നും താരകമേ------------------------------------------------ 17

My Dog------------------------------------------------------------ 18

വിശക്കുന്നവന്റെ മാണിക്യം-------------------------------------- 19

My Class------------------------------------------------------------ 20

കടന്നുപോയ വർഷം ക്യാമറ കണ്ണുകളിൽ------------------------ - 21

Bird Little Bird---------------------------------------------------- 23

# രാമനു കിട്ടിയ സമ്മാനം

കടപ്പാട്-തെന്നാലിരാമൻ കഥകൾ

സമ്പാ: ശരണ്യ-9 ബി



വിജയ നഗര രാജാവായ കൃഷ്ണദേവരായരുടെ കൊട്ടാര വിദൂഷകനായിരുന്നു തെന്നാലി രാമൻ.മറ്റുള്ളവരെ ചിരിപ്പിക്കാനും ആരെയും കുഴപ്പിക്കുന്ന ചോദ്യങ്ങൾ ചോദിക്കാനും സമർത്ഥനായിരുന്നു രാമൻ.ഒരിക്കൽ കൃഷ്ണദേവരായർ രാജ്യത്തെ ഏറ്റവും വലിയ വിഡ്ഢിക്ക് ഒരു നല്ല സമ്മാനം നൽകുമെന്ന് പ്രഖ്യാപിച്ചു.അതിനെന്താ ഈ സമ്മാനം രാമൻ തന്നെ കൈക്കലാക്കും കൊട്ടാര നിവാസികൾ രഹസ്യമായി പറഞ്ഞു. എന്നാൽ രാമന് സമ്മാനം കിട്ടാതിരിക്കാനായി ചിലർ കരുക്കൾ നീക്കി.

മത്സരത്തിന്റെ തലേന്ന് അവർ രാമന്റെ ഒരു ഭൃത്യനെ സ്വാധീനിച്ചു. എന്നിട്ട് രാമനെ നന്നായി ഉറക്കുവാനുള്ള മരുന്ന് ഏൽപ്പിച്ചു. ഭൃത്യൻ കൃത്യമായി തന്റെ ജോലി ചെയ്തു. പാലിൽ ചേർത്ത് രാമന് ഉറക്കമരുന്ന് ന ൽകി.

പിറ്റേന്ന് നേരം പുലർന്നു. എല്ലാവരും കൊട്ടാരത്തിൽ എത്തി. എന്നാൽ അപ്പോഴും രാമൻ കൂർക്കം വലിച്ച് ഉറങ്ങുകയായിരുന്നു.

ഉച്ചയായപ്പോൾ രാമൻ ഉണർന്നു. സമ്മാനക്കാര്യം ഓർമ്മവന്നു. ഓടി കൊട്ടാരത്തിലെത്തി. അപ്പോൾ രാമന് ഒരു കാര്യം മനസ്സിലായി. രാജാവ് ഇതുവരെ ഒരു വിഡ്ഢിയെ തെരഞ്ഞെടുത്തിട്ടില്ല.

രാമനെ കണ്ടതും രാജാവ് ഒറ്റച്ചിരി. താങ്കൾ ഒരു വിഡ്ഢിതന്നെ. ഇത്ര വലിയ ഒരു മത്സരം നടക്കുന്നു എന്നറിഞ്ഞിട്ടും കൃത്യ സമയത്ത് എത്തിയില്ലല്ലോ. പ്രഭോ ഞാൻ ആ ബഹുമതി സ്വീകരിച്ചിരിക്കുന്നു. എന്നാൽ വേഗം സമ്മാനം തന്നാലും . അങ്ങ് വിഡ്ഢിയായി പ്രഖ്യാപിക്കുന്ന ആൾക്കല്ലേ സമ്മാനം. ഇത്തവണ വിഡ്ഢിയായത് മറ്റുള്ളവരാണ്.

കടപ്പാട്- ഗുണപാഠ കഥകൾ

# ചെന്നായയും ആട്ടിൻകുട്ടിയും

അഖില എ-9

കൂട്ടം തെറ്റി അലയുകയായിരുന്ന ആട്ടിൻ കുട്ടിയെ കണ്ട ചെന്നായ അതിനെ കൊന്നു തിന്നുവാൻ തീരുമാനിച്ചു.
എന്നാലതിനെ കൊല്ലാൻ ഒരു കാരണം കണ്ടെത്തിയിട്ട് മതി ശാപ്പിടാൻ എന്നു ചെന്നായ് ഉറപ്പിച്ചു.
അവൻ ആട്ടിൻ കുട്ടിയെ സമീപിച്ചു ഇപ്രകാരം പറഞ്ഞു "എടാ കുഞ്ഞേ ! കഴിഞ്ഞ വർഷം നീ എന്നെ അപമാനിച്ചില്ലേ?"
ആട്ടിൻ കുട്ടിയാകട്ടെ വ്യസനപ്പെട്ടുകൊണ്ട് മൊഴിഞ്ഞു "ഞാൻ ജനിച്ചിട്ട് മാസങ്ങളേ ആയിട്ടുള്ളൂ. കഴിഞ്ഞ വർഷം ഞാൻ ഉണ്ടായിരുന്നില്ല"
ചെന്നായ് ആരോപണം മാറ്റി "ഞാൻ ഇരപ്പിടിക്കുന്ന മേച്ചിൽ പുറങ്ങളിലാണ് നീ മേയുന്നത്"എന്നായി ചെന്നായ്
"ഇല്ല അങ്ങുന്നേ. ഞാനിതേവരെ പുല്ല് കഴിക്കാറായിട്ടില്ല " ആട്ടിൻ കുട്ടി പറഞ്ഞ
ഞാൻ കുടിക്കുന്ന ഉറവയിൽ നിന്നാണ്കൂട്ടം തെറ്റി അലയുകയായിരുന്ന ആട്ടിൻ കുട്ടിയെ കണ്ട ചെന്നായ അതിനെ കൊന്നു തിന്നുവാൻ തീരുമാനിച്ചു.
എന്നാലതിനെ കൊല്ലാൻ ഒരു കാരണം കണ്ടെത്തിയിട്ട് മതി ശാപ്പിടാൻ എന്നു ചെന്നായ് ഉറപ്പിച്ചു.

വൻ ആട്ടിൻ കുട്ടിയെ സമീപിച്ചു ഇപ്രകാരം പറഞ്ഞ "എടാ കുഞ്ഞേ ! കഴിഞ്ഞ വർഷം നീ എന്നെ അപമാനിച്ചില്ലേ?"
ആട്ടിൻ കുട്ടിയാകട്ടെ വ്യസനപ്പെട്ടുകൊണ്ട് മൊഴിഞ്ഞ "ഞാൻ ജനിച്ചിട്ട് മാസങ്ങളേ ആയിട്ടുള്ളൂ. കഴിഞ്ഞ വർഷം ഞാൻ ഉണ്ടായിരുന്നില്ല"
ചെന്നായ് ആരോപണം മാറ്റി "ഞാൻ ഇരപ്പിടിക്കുന്ന മേച്ചിൽ പുറങ്ങളിലാണ് നീ മേയുന്നത് "എന്നായി ചെന്നായ്
"ഇല്ല അങ്ങുന്നേ. ഞാനിതേ നീ കുടിക്കുന്നത് എന്നായി ചെന്നായയുടെ അടുത്ത ആരോപണം"
ഞാനിന്നേവരെ അമ്മയുടെ പാലല്ലാതെ ഒന്നും കുടിച്ചിട്ടില്ല . പാലു മാത്രമാണ് എനിക്ക ഭക്ഷണവും പാനിയവും "ആട്ടിൻ കുട്ടി ഉണർത്തിച്ചു.
ഇതോടെ ആരോപണങ്ങൾ മതിയാക്കിയ ചെന്നായ് ആട്ടിൻ കുട്ടിയെ കൊന്നു ശാപ്പിട്ടു കൊണ്ട് പറഞ്ഞ "എന്റെ ആരോപണങ്ങൾക്കൊല്ലാം നിനക്ക് മറുപടിയുണ്ടായിരിക്കാം. എന്നാലിന്നു അത്താഴപ്പട്ടിണി കിടക്കാൻ എനിക്കുദ്ദേശമില്ല"

# പടയണി ശ്യാംകുമാർ പി




മധ്യതിരുവിതാംകൂറിലെ ഭദ്രകാളീ ക്ഷേത്രങ്ങളിൽ ആചരിച്ചു വരുന്ന അനുഷ്ഠാന കലയാണ് പടയണി. ദാരിക വധത്തിനുശേഷം കോപം അടങ്ങാതെ നിന്ന ഭദ്രകാളീ ദേവിയുടെ കോപം അടക്കാൻ ശിവഭൂതഗണങ്ങൾ വിവിധ കോലങ്ങൾ കെട്ടിയാടെയെന്നും അവസാനം ദേവിയുടെ കോലം തന്നെ കെട്ടിയാടുന്നതു കണ്ട് ദേവി പൊട്ടിച്ചിരിച്ചുവത്രേ.ഇതാണ് പടയണിയുടെ ഐതീഹ്യം.



കോലമെഴുത്ത്

പച്ചപ്പാളയിൽ പ്രകൃതിദത്ത വർണ്ണങ്ങൾ ഉപയോഗിച്ചാണ് പടയണിക്കോലങ്ങൾ വരയ്ക്കുന്നത്. പച്ചനിറത്തിനായി പാളയുടെ പച്ചയും വെളുപ്പിനായി പാളയുടെ പച്ച ചെത്തിയ വെളുപ്പും ഉപയോഗിക്കുന്നു.

ചൂട്ടുവെളിച്ചത്തിൽ പാട്ടിന്റെ ശീലുകൾക്കൊപ്പം പടയണിക്കോലങ്ങൾ ഉറഞ്ഞ് തുള്ളുന്നു. തപ്പും കൈമണിയുമാണ് പ്രധാന വാദ്യങ്ങൾ, ചെണ്ടയുടെ താളത്തിലാണ് പടയണിക്കോലങ്ങൾ കളത്തിലെത്തുന്നത്.




ചൂട്ട് വയ്പ്പോടെയാണ് പടയണി ചടങ്ങുകൾ തുടങ്ങുന്നത്. താവടി തുള്ളൽ,പുലവൃത്തം തുള്ളൽ, പാനയടി, അടവി തുടങ്ങിയ വിവധ ചടങ്ങുകൾ ഉണ്ടെങ്കിലും കോലം തുള്ളലിനാണ് ഏറെ പ്രാധാന്യം ഭൈരവി, യക്ഷി,പക്ഷി, മറുത,മാടൻ തുടങ്ങി പലതരം കോലങ്ങൾ പടയണിക്കളത്തിൽതുള്ളുയൊഴിയുന്നു.അന്തരയക്ഷി,സുന്ദരയക്ഷി,അംബരയക്ഷി,അരക്കിയക്ഷി, കാലയക്ഷി തുടങ്ങി യക്ഷിക്കോലങ്ങൾ പലവിധം.പടയണിക്കളത്തിൽ അവതരിപ്പിക്കുന്ന അന്തോനി, തങ്ങളും പടയും തുടങ്ങിയവിനോദങ്ങൾ പടയണി നൽകുന്ന മതമൈത്രിക്ക് മകുടോദാഹരണങ്ങളാണ്




ഭദ്രകാളീദേവിയുടെ പ്രതിരൂപമാണ് ഭൈരവിക്കോലം.നൂറ്റിയൊന്ന് പാളകളിൽ എഴുതിയ വലിയ ഭൈരവിക്കോലമാണ് തലയിൽ എടുത്തു തുള്ളുന്ന ഏറ്റവും

*വലിയ കോലം. ഒരുകൈയ്യിൽ വാളും മറുകൈയ്യിൽ പന്തവുമേന്തി കളത്തിലെത്തുന്ന കാലൻകോലം ദർശകരെ വിസ്മയത്തിൽ ആറാടിക്കും*

*കടമ്മനിട്ട,ഇലന്തൂർ,കുരമ്പാല,എഴുമറ്റൂർ,കുന്നന്താനം, തെള്ളിയൂർ,ഇരവിപേരൂർ,കല്ലൂപ്പാറ,കോട്ടാങ്ങൽ,നീലമ്പരൂർ തുടങ്ങി അറുപതിലധികം പടയണിഗ്രാമങ്ങൾ ഉണ്ട്, ഇവയിൽ ഭൂരിഭാഗവും പത്തനംതിട്ട ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്.നൃത്തം,സംഗീതം വാദ്യം,ചിത്രമെഴുത്ത് തുടങ്ങി വിവിധ കലകളുടെ മേളനമാണ് പടയണി. കലാകാരന്മാരും പ്രേക്ഷകരും ഒന്നാകുന്ന ഈ അനുഷ്ഠാന കല പ്രാചീനതയുടെയും ദേശക്കൂട്ടായ്മയുടെയും പ്രതീകമായി നിലകൊള്ളുന്നു.*



# ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹിക വിപത്ത്

സജിൻ വിൽസൺ 8.A

കടപ്പാട്:ഇന്റർനെറ്റ്




കേരള സംസ്ഥാനം രൂപീകൃതമായി 68 വർഷം പിന്നിട്ടു. ഇക്കാലയളവിൽ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, തുടങ്ങി വിവിധ മേഖലകളിൽ നാം കൈവരിച്ച നേട്ടങ്ങൾ രാജ്യത്തിന് തന്നെ മാതൃകയാണ്. ഇതിൽ തന്നെ ചില നേട്ടങ്ങളിൽ ലോകത്തിലെ വികസിത രാജ്യങ്ങൾക്കു തുല്യമായ അഭിമാനാർഹമായ സ്ഥാനവും നമുക്കുണ്ട്. എന്നാൽ സമൂഹത്തിൽ വർധിച്ചു വരുന്ന ലഹരി ഉപയോഗം കേരളം നേടിയെടുത്തിട്ടുള്ള വികസനത്തിനും, പുരോഗതിക്കും, സാംസ്കാരിക മൂല്യങ്ങൾക്കും കടുത്ത വെല്ലുവിളിയാണ് ഉയർത്തുന്നത്. മനുഷ്യനെ ശാരീരികമായും, മാനസികമായും തകർക്കുന്ന സമൂഹ്യ വിപത്താണ് ലഹരി. ആരോഗ്യ പ്രശ്നങ്ങൾ, കുടുംബ ബന്ധങ്ങളുടെ തകർച്ച, കുറ്റകൃത്യം, ആത്മഹത്യ തുടങ്ങി മദ്യവും, മയക്കുമരുന്നും സൃഷ്ടിക്കുന്ന പ്രത്യാഘാതം നിരവധിയാണ്. കൂടുതലായി കുട്ടികളിലും, യുവജനങ്ങളിലും പിടിമുറുക്കുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു ദിവസം കൊണ്ട് ഉണ്ടാകുന്നതല്ല. എന്താണെന്ന് അറിയാനുള്ള ആകാംക്ഷ, കിട്ടുമെന്ന് കേട്ടിട്ടുള്ള ഉന്മാദാവസ്ഥ, സമപ്രായക്കാരുടെ പ്രേരണ, ബോറടി മാറ്റാൻ,വിഷാദം മാറ്റാൻ, ക്ഷീണം മാറ്റാൻ, വീട്ടിലെ പ്രശ്നങ്ങൾ, അധികമായി ലഭിക്കുന്ന പോക്കറ്റ് മണി എന്ത് ചെയ്യണമെന്നറിയാത്തവർ, എന്നിങ്ങനെ ലഹരി വസ്തുക്കളിലേക്ക് മാറാൻ കാരണങ്ങൾ നിരവധിയാണ്.മൊബൈൽ ഫോണും, ഇന്റർനെറ്റും ജീവിതം നിയന്ത്രിക്കുന്ന ഈ കാലഘട്ടത്തിൽ സോഷ്യൽ മീഡിയകളും ഇതിന് കാരണമാകുന്നുണ്ട്.ലഹരി മരുന്നുകളുടെ കെണിയിൽ പലപ്പോഴും അകപ്പെടുന്നത് കുട്ടികളാണ്. ജീവിതം തന്നെ വഴി തെറ്റിക്കുന്ന ഈ വസ്തുക്കളെ കുറിച്ച് വേണ്ടത്ര അറിവ് കുട്ടികൾക്കില്ല. ഉണ്ടായിരുന്നെങ്കിൽ പലരും ഈ ദുർഗതിയിൽ പെടില്ലല്ലോ! കേവലം കൗതുകത്തിനായി പലരും ആരംഭിക്കുന്ന ഈ ദുശ്ശീലം കാട്ടുതീയേക്കാൾ വേഗത്തിൽ വളർന്നു സമൂഹത്തെ കീഴ്പ്പെടുത്തുകയാണ്. ഒരിക്കലും തിരിച്ചു കയറാൻ പറ്റാത്ത മഹാ ഗർത്തങ്ങളിലേക്കാണ് ലഹരിയുടെ ഉപയോക്താക്കൾ

പതിക്കുന്നത്.കാലാന്തരത്തിൽ ലഹരി ഉപയോഗിക്കാൻ കൂട്ട് നിന്നവരോ, പഠിപ്പിച്ചവരോ, ആരും കൂട്ടാനില്ലാതെ ലഹരിയുടെ മാത്രം സൗഹൃദത്തിൽ ഏകാന്തരായി കഴിയാനാണ് ഇവരുടെ വിധി. അർബുദം, ആരോഗ്യ പ്രശ്നങ്ങൾ, മാനസിക രോഗം എന്നിവ ഇവരെ തേടിയെത്തും.മാനസിക വ്യാപാരങ്ങളെയും, മൃദുല വികാരങ്ങളെയും മരവിപ്പിച്ച് കളയുന്ന ഇത്തരം രസക്കൂട്ടുകൾ ക്രൂരമായ എന്ത് പ്രവൃത്തിയും ചെയ്യാൻ മടിയില്ലാത്തവരാക്കി ഉപയോക്താക്കളെ മാറ്റുന്നുണ്ട്. ദിനംപ്രതി ഇത്തരം വാർത്തകൾ നാം കാണുന്നതാണ്.പുതിയ രൂപത്തിലും ഭാവത്തിലും പടർന്നു പന്തലിക്കുന്ന ലഹരിയുടെ ഈ കരാള ഹസ്തങ്ങൾക്ക് കൈയാമമിടുകയെന്ന ശ്രമകരമായ ദൗത്യത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണ് ലഹരി വിരുദ്ധ ദിനം. 1987 മുതലാണ് ഐക്യരാഷ്ട്രസഭ ജൂൺ 26 ന് ലഹരി വിരുദ്ധ ദിനമായി ആചരിച്ച് തുടങ്ങിയത്. മുപ്പതാണ്ട് പിന്നിടുമ്പോഴും ജാതി മത പ്രായ ഭേദമന്യേ സ്ത്രീകളും, കുട്ടികളുമടക്കം ലഹരിയൊരുക്കുന്ന അപകടച്ചുഴികളിൽ പതിക്കുന്നവരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്.അതിനൊരു മാറ്റം വരുത്താൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല.ലഹരിയുടെ വല അനുദിനം വിസ്തൃതമായി നമ്മുടെ നാടിനെ വരിഞ്ഞു മുറുക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങൾ അതിശക്തമായ പ്രചാരണബോധവൽക്കരണ പ്രവർത്തനത്തിലൂടെ സമൂഹത്തെ ബോധ്യപ്പെടുത്തണം അതോടൊപ്പം ലഹരി ഉപയോഗം തടയുന്നതിനുള്ള സർക്കാർ പദ്ധതികളും നിലവിലുള്ള നിയമങ്ങളും ഫലപ്രദമായി നടപ്പിലാക്കുകയും വേണം. അതിന് എല്ലാവരും ലഹരി ഉപയോഗിക്കില്ല എന്ന ഉറച്ച തീരുമാനം കൂടി എടുക്കണം.

# പക

ജ്യോതിക ജെ- 9 ബി



മഞ്ഞുള്ളൊരു മകരം പോയീ
മാമലേൾ മാഞ്ഞും പോയീ
പുഴകൾ തൻ പാട്ടും പോയീ
വയൽ കിളിതൻ കൊഞ്ചൽ പോയീ

കാടിൻ മുടി വെട്ടിയെടിത്തു
കാട്ടാറും കൂടെയെടുത്തു
കരിമണലും കോരിയെടുത്തു
കായലുകൾ കരിനിറമാക്കീ

പുഴ നൽകിയ പുതുവെള്ളത്തെ
പലവഴിയെ വിഷമയമാക്കീ
തരു നൽകിയ ജീവന വായൂ
നകരേണ്ടോർ വിഷമയമാക്കീ

പകകൊണ്ടതു ഭൂമിയുമപ്പോൾ
പകലോനം പകകൊണ്ടിപ്പോൾ
പകകൊണ്ടതു ഭൂമിയുമപ്പോൾ
പകലോനം പകകൊണ്ടപ്പോൾ

മാരിക്കാർ കാലംതെറ്റീ
മാരികളും പലതുണ്ടായി
തിരമൂത്തിയ തീരമതെല്ലാം
തിരതന്നെ തിന്നുതുടങ്ങി

കത്തുന്നിതു ഭൂമിയുമിപ്പോൾ
മഞ്ഞുമല ഉരുകുമതിനിയും
വന്നെത്തും താപന കാലം
ആഗോള താപന കാലം

കാത്തീടാം നമ്മുടെ ഭൂമി
മാറ്റീടാം നമ്മുടെ ചെയ്തി
മാറ്റീടുമതല്ലേൽ നമ്മേ
*ഓർക്കേണം സോദരരേനാം*

# पेड

इन्टरनेट की मदद

'

**"इक छोटा सा बीज हुआ करता था कभी,**
**रौंदते थे आने जाने वाले सभी,**
**फिर भी आलोचना ना की मैंने कभी**

"नन्हा पौधा हुआ करता था कभी,
तोड़ते मरोड़ते थे आने जाने वाले सभी,
फिर भी बढना ना छोड़ा मैंने कभी"

"इक विशाल पेड़ हुआ करता था कभी,
आने जाने वाले आश्रय लेते थे सभी,
पक्षी अपने घोसले,
मनुष्य रहा करते थे सभी"

"ठण्ड से बचाने , खुद को आग लगाया ,
सूरज से तपकर, फिर भी मैंने दी छाया ,
मूसलाधार से लड़कर मैंने ही था बचाया ,
भूख मिटाता था मैं कभी,
फिर भी पत्थर मारते थे सभी"

"काट डाला, मार डाला,
मतलबी है यहाँ सभी,
लोग कहते है अब,
सड़क के बीचो-बीच
एक विशाल पेड़ हुआ करता था कभी!"

!”

# बिना कुए का पानी

इन्टरनेट की मदद

## अभिराम वी ९ बी

**तू आया था उन बादलों की तरह ,**
**जो बरस कर चला गया,**
**धरती फिर भी प्यासी रही ,**

**बिन पानी रेतीले इलाकों तरह।**

आया तो था,
बिन कही बातों की तरह,
जरा सी हवा ले गई तुझे,
तेज तुफानो की तरह!

ऐ हवा कबी आ ठहर कर ,
कुछ जी लू मैं तुझे भी ,
क्यों बुझ जाता है तू ,
लिखे हुए रेत मैं अफसानों की तरह!

कभी मेरी भी प्यास बुझे,

कबी तो सुनाऊं दिल का हाल तुझे,
देख जरा कबसे रुकी हुई हूं,
तू क्यों भागता है क्रजदारों की तरह!
देख जरा मेरा भी और,

धरती हु मै तेरी,
कर दे इस तरह मुझे,
फूल सी मेहकू ही और,
बना दे मुझे भी भगदारों की तरह


अबकी आ तो बरस के जा
रहूं न मैं विरानो की तरह,तर गई हु,
में बिन पानी के कुऐ कि तरह

# താറാവിനെ പറ്റിയ അമളി

കടപ്പാട്- ഗുണപാഠകഥകൾ

അതുല്യ ശാന്തൻ 9.A

ഒരിടത്ത് ടുട്ടു എന്നു പേരുള്ള ഒരു താറാവുണ്ടായിരുന്നു.അവൻ ആരും പറ ഞ്ഞാൽ അനുസരിക്കുകയില്ലായിരുന്നു.അവന്റെക്കൂട്ടുകാരനായിരുന്ന ചിമ്പു അണ്ണാൻ.



ഒരു ദിവസം രണ്ടുപേരും ഒരു അരുവിയുടെ തീരത്തെത്തി.''ഞാൻഅരുവിയിൽ ഇറങ്ങി നീന്താൻ പോവുകയാ"ടുട്ടു പറഞ്ഞു.അരുതുടുട്ടു അത് അപകടമാ ചിമ്പു പറഞ്ഞു.എന്തപകടം നീ ഒന്നുമിണ്ടാതിരി എന്നു പറഞ്ഞു കൊണ്ട് ടുട്ടു അരുവിയിലേക്കിറങ്ങി.ധാരാളം മുതലകളുള്ള അരുവിയായിരുന്നു അത്.പെട്ടന്ന് അവന്റെ നേരെ ഒരു മുതല പൊന്തുവന്നു.ടുട്ടുപേടിച്ചു വിറച്ചു.അവന് നീന്താൻ പോലും അറയില്ല.ടുട്ടു വേഗം നീന്തിവാ... ചിമ്പുഉച്ചത്തിൽ വിളിച്ചു പറഞ്ഞു.അവൻ ഒരു വിധം നീന്തി കരക്കെത്തി.ഞാൻ അപ്പോഴെ പറഞ്ഞതല്ലേ അരുവിയിൽ ഇറങ്ങരുതെന്ന്.ടുട്ടു ഒന്നും മിണ്ടിയില്ല.അവൻ നാണിച്ചു തല താഴ്ത്തി. പിന്നീടൊരിക്കലും അവൻ അനുസരണക്കേട് കാട്ടിയില്ല.

# ***The puppy And The Kitty***

*The puppy is very cute*
*And the kitty is very very small*
*The puppy and kitty were good friends*
*la... laa... la... laa...*

*The puppy's colour is white*
*And the kitty's colour is brown*
*The puppy and kitty were friends*
*la... laa... la... laa...*

*The puppy is drinking milk*
*And the kitty is drinking juice*
*The puppy and kitty were friends*
*la... laa... la... laa...*

*B.Ramanujan -9B*

# മിന്നും മിന്നും താരകമേ

അനുശ്രീ എസ് 8A

മിന്നും മിന്നും താരകമേ
നിന്നെക്കാണാൻ എന്തു രസം
നിന്നെക്കാണാനെന്തു സുഖം
പുഞ്ചിരി തൂകീട്ടെങ്ങോട്ടാ



മിന്നും മിന്നും താരകമേ
പുഞ്ചിരിതൂകും താരകമേ
ഇൻ കാണാൻ നല്ലൊരു കാഴ്ച നീയേ
കണ്ണിനു നല്ല കുളിർമ നീയേ



മിന്നും മിന്നും താരകമേ
പാലൊളിതൂകും താരകമേ
വാനിൻ നല്ല കളിത്തോപ്പിൽ
തുള്ളിത്തുള്ളി കളിച്ചിട്ടു



എന്നുടെ കൂടെ പോരാമോ
മണ്ണിൻ മാറിൽ കളിച്ചീടാൻ
പാലു തരാം ഞാൻ തേനു തരാം
പാട്ടുകൾ പാടി ഉറക്കീടാം

## MY DOG

His nose is short and scrubby;
His ears hang rather iow;
And he always brings the stict back,
No matter how far you throw.

He gets spanked rather often
For things he shouldn't do,
Like lying-on-bed,and baring,
And eating up shoes when they' renew.

He always wants to be going
where he isn't supposed to go,
He tracks up the house whenit's snowing
Oh , puppy, I love you so.

MADHAV SURESH

8.B



# വിശക്കുന്നവന്റെ

# മാണിക്യം

കടപ്പാട്-ഗുണപാഠകഥകൾ

ഒരു പൂവൻ കോഴി മുറ്റത്തു കൊത്തി
പ്പെറുക്കി നടക്കുകയായിരുന്ന .തിന്നാനുള്ള
എന്തെങ്കിലും കിട്ടുമോ ?അതായിരുന്നു
പൂവൻ കോഴിയുടെ വിചാരം .
"ങേ ....അതെന്താ തിളങ്ങുന്നത് ഒരു കല്ല്
കണ്ടു കോഴി അങ്ങോട്ട് ചെന്നു .

വലിയ വിലയുള്ള ഒരു മാണിക്യ
ക്കല്ലായിരുന്നു അത് . പൂവൻ കോഴി
അതിൽ
ഒന്ന് രണ്ടു തവണ കൊത്തിനോക്കി
."കൊക്കരക്കോ .......ഇതു തിന്നാൻ
കൊള്ളില്ല
.കോഴി മാണിക്യം ഉപേക്ഷിച്ചു വീണ്ടും
കരിയിലകൾക്കിടയിൽ
ചികയാണ് തുടങ്ങി .അതുകണ്ട് ഒരു കാക്ക
പറഞ്ഞു ."മണ്ടൻ കോഴി വലിയ വിലയുള്ള
മാണിക്യമാണ് നീ ഉപേക്ഷിച്ചു പോയത്
അറിയാമോ ".?
അപ്പോൾ കോഴി പറഞ്ഞു ."ആയിരിക്കാം
...അതുകൊണ്ടെന്തു ?വിശന്നു പൊരിഞ്ഞ
എനിക്കു വേണ്ടതു ആഹാരമാണ്
.വിശക്കുന്നവന്റെ മുന്നിൽ
ആഹാരത്തിന് ആണ് ഏറ്റവും വില
മനുഷ്യർക്ക് വിലപ്പെട്ട ആ കല്ല് കൊണ്ട്
എനിക്കെന്തു ഗുണം ."

കരിയിലകൾക്കിടയിൽ ചികഞ്ഞു ഒരു
മണ്ണിരയെ പിടിച്ചുടിതിന്നു കോഴി
തൃപ്തിയോടെ
കോഴി നടന്നുപോയി .



**ശ്രദ്ധ സതീശ്**

STD 8 B



*How caring she is*

*I am so happy*

*When I play with my friends*

## MY CLASS



*How wonderful is my classroom!*

*where I spend my time most.*

*All are loving these,*

*There I forget worries*

*How pretty is my teacher*

# കടന്നുപോയ വർഷം ക്യാമറ കണ്ണുകളിൽ



പരിസ്ഥിതി ദിനം



സൈബർ സുരക്ഷ ക്ലാസ്





# ഓണാഘോഷം







# ക്രിസ്തുമസ്സ് ആഘോഷം

# BIRD LITTLE BIRD

Bird Bird Bird

where are you going

Pretty bird Pretty bird

Welcome to my home [2]

I’ll gave you fruits

And I’ll gave wheat

Come here , come here

We are going to play

Sweety  sweety bird

Colourful bird colourful bird

I love you little bird

I love you little bird

**B.Ramanujan Std:9B**